## ഹദീസ്

കെ.സി ജലീൽ പുളിക്കൽ

# ദൈവസാമീപ്യം

عَنْ أَبِي هُرَيْرَة رَضِيَ اللهُ عَنْهُ قَالَ: قَالَ رَسُول اللّٰهِ صلى الله عليه و سلم ....... وَمَا تَقَرَّبَ إِلَيَّ عَبْدِي بِشَيْءٍ أَحَبَّ إِلَيَّ مِمَّا افْتَرَضْتُهُ عَلَيْهِ، وَلا يَزَالُ عَبْدِي يَتَقَرَّبُ إِلَيَّ بِالنَّوَافِلِ حَتَّى أُحِبَّهُ. فَإِذَا أَحْبَبْتُهُ كُنْتُ سَمْعَهُ الَّذِي يَسْمَعُ بِهِ، وَبَصَرَهُ الَّذِي يُبْصِرُ بِهِ، وَيَدَهُ الَّتِي يَبْطِشُ بِهَا، وَرِجْلَهُ الَّتِي يَمْشِي بِهَا (رَوَاهُ الْبُخَارِيُّ)

**അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: നബി(സ) പ്രസ്താവിച്ചു: "(അല്ലാഹു പറഞ്ഞു): എന്റെ അടിമ എന്റെ സാമീപ്യം ലഭിക്കാൻ വേണ്ടി ചെയ്യുന്ന കാര്യങ്ങളിൽ ഏനിക്കേറ്റവും ഇഷ്ടപ്പെട്ടത് ഞാൻ അവന്റെ മേൽ നിർബന്ധമാക്കിയ കാര്യങ്ങൾ തന്നെയാണ്. ഐച്ഛികമായ കാര്യങ്ങൾ നിരന്തരമായി ചെയ്തുകൊണ്ട് എന്റെ അടിമ എന്നോട് അടുത്തുകൊണ്ടിരിക്കുകയും ചെയ്യും. അങ്ങനെ അവൻ എനിക്ക് പ്രിയപ്പെട്ടവനായിക്കഴിഞ്ഞാൽ അവൻ കേൾക്കുന്ന കാതും കാണുന്ന കണ്ണും പിടിക്കുന്ന കൈയും നടക്കുന്ന കാലും ഞാനായിത്തീരും" (ബുഖാരി).**

അല്ലാഹു തന്റെ ദൂതൻ വഴി നേരിട്ടുതന്നെ (ഖുദ്സി) നടത്തുന്ന സുപ്രധാന വിളംബരങ്ങളിലൊന്നാണ് ഈ മഹദ് വചനം. "ദിവ്യ സാമീപ്യസിദ്ധിയെ സംബന്ധിച്ച് നിരവധി കെട്ടുകഥകളും ഊഹാപോഹങ്ങളും പ്രചരിപ്പിക്കപ്പെട്ടിട്ടുണ്ട്. ദിവ്യത്വം ചമഞ്ഞ് അത് പൊതുജനത്തെ ചൂഷണം ചെയ്യാനുള്ള ഉപാധിയായി കൊണ്ടുനടക്കുന്നവർ ഇന്നും ഒട്ടും വിരളമല്ല. ഇത്തരം അന്ധവിശ്വാസങ്ങളുടെയെല്ലാം മുരടറുക്കുന്ന, ദിവ്യസാമീപ്യത്തിന്റെ യാഥാർഥ്യത്തിലേക്ക് വെളിച്ചം വീശുന്ന, അതിലേക്കുള്ള മാർഗം വ്യക്തമാക്കിത്തരുന്നതാണ് ഈ മഹദ്വചനം.

അടിമയെന്ന നിലയിൽനിന്ന് ഉയർന്ന് ദിവ്യത്വ പദവിയിലെത്തിയവരാണ് ദൈവസാമീപ്യം സിദ്ധിച്ചവർ എന്ന സങ്കൽപത്തെ പാടേ നിരാകരിക്കുന്നതാണ് ഈ വചനത്തിലെ "എന്റെ അടിമ" എന്ന പ്രയോഗം. അല്ലാഹു യജമാനൻ, മറ്റുള്ളവയെല്ലാം അവന്റെ അടിമകൾ, യജമാനന്റെ മേഖലയിലേക്കെത്തിനോക്കാൻ ഒരടിമക്കും സാധ്യമല്ല. കഠിനയത്നത്തിലൂടെ അല്ലാഹുവോട് നന്ദിയുള്ളവനായി, ഇഷ്ടദാസനായി, അതുവഴി അല്ലാഹുവിന്റെ സാമീപ്യം സിദ്ധിക്കുന്ന അടിമയാകാനേ ദൈവദൂതന് പോലും സാധ്യമാകൂ; പകലന്തിയോളം ഇസ്ലാമിന്റെ പ്രചാരണത്തിനും വിജയത്തിനും വേണ്ടി എല്ലാം സഹിച്ച് കഠിനാധ്വാനം ചെയ്ത് തളർന്ന പ്രവാചകൻ രാത്രിയിലെഴുന്നേറ്റ് ദീർഘമായി നിന്ന് നമസ്കരിച്ച് കാലിന് നീർക്കെട്ട് വരുന്നതു കണ്ട പത്നി 'മുൻകൂട്ടി സ്വർഗം വാഗ്ദാനം ചെയ്യപ്പെട്ട താങ്കൾ എന്തിനിങ്ങനെ കഷ്ടപ്പെടുന്നു' എന്ന് ചോദിച്ചതിന് 'അപ്പോൾ ഞാൻ നന്ദിയുള്ള അടിമ ആകേണ്ടതില്ലേ' എന്ന് തിരിച്ച് പ്രവാചകൻ ചോദിക്കുകയായിരുന്നു.

പ്രവാചകന്റെ അവസ്ഥ ഇതാണെങ്കിൽ പിന്നെ ഏതൊരു മനുഷ്യനാണ് അടിമത്തത്തിന്റെ പരിധിക്കപ്പുറം കടന്ന് ദിവ്യത്വ മേഖലയിലെത്തി, ദിവ്യ സവിശേഷതകളാർജിക്കാനാവുക? അത്തരം കെട്ടുകഥകൾക്ക് ഒരടിസ്ഥാനവുമില്ല. ദൈവസാമീപ്യം സിദ്ധിക്കാനുള്ള മാർഗം ഏതാണെന്ന് ദൈവം തന്നെയാണ് മനുഷ്യർക്ക് അറിയിച്ചുതരേണ്ടത്. മറ്റാർക്കും അതിൽ ഒരു പങ്കുമില്ല. ഈ വിശുദ്ധ വചനത്തിലൂടെ ദൈവസ്നേഹവും ദൈവസാമീപ്യവും സിദ്ധിക്കാനുള്ള മാർഗം അല്ലാഹു വ്യക്തമാക്കുന്നതിങ്ങനെ: അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനും അവന്റെ സാമീപ്യം സിദ്ധിക്കാനും അവൻ നിർബന്ധമാക്കിയ കാര്യങ്ങൾ യഥാവിധി നിർവഹിക്കുകതന്നെയാണ് പ്രഥമവും പ്രധാനവുമായ കാര്യം. നിർബന്ധ കാര്യങ്ങൾക്ക് അർഹിക്കുന്ന പരിഗണന നൽകാതെ ഐച്ഛിക കാര്യങ്ങളിൽ അമിത താൽപര്യമെടുക്കരുതെന്നും സൂചിപ്പിച്ചിരിക്കുന്നു. ഫർദ് നമസ്കരിക്കാത്തവൻ സുന്നത്ത് നമസ്കരിക്കുന്നതു പോലെ, സകാത്ത് നിർവഹിക്കാത്തവൻ ഐച്ഛിക ദാനം നിർവഹിക്കുന്നതു പോലെ, മാതാപിതാക്കളെ പരിചരിക്കാത്തവൻ ആതുരശുശ്രൂഷ നടത്തുന്നതു പോലെ.

ഈ രംഗത്ത് ഇപ്പോഴും ചില ധാരണപ്പിശകുകളും അസന്തുലിതാവസ്ഥയും കാണാനുണ്ട്. എന്നല്ല, അത് കൂടിവരികയുമാണ്. അല്ലാഹുവിന് ഏറ്റവും പ്രിയങ്കരമായ നിർബന്ധ കാര്യങ്ങൾ അവഗണിക്കുന്നു. അല്ലെങ്കിൽ അവ

കേവലം ചടങ്ങായി നിർവഹിക്കുന്നു. ഐഹിക കാര്യങ്ങൾക്കാകട്ടെ വല്ലാത്ത ആവേശവും ശുഷ്കാന്തിയും! നമസ്കാരത്തിന്റെ ബാഹ്യവും ഭക്തി തോന്നിപ്പിക്കുന്നതുമായ സുപ്രധാനമല്ലാത്ത ചില കാര്യങ്ങളിൽ അമിത പ്രാധാന്യവും സൂക്ഷ്മതയും പുലർത്തുകയും അക്കാര്യങ്ങളിലുള്ള ഉദ്ബോധനം സുപ്രധാന പ്രവർത്തനമായി കണക്കാക്കുകയും ചെയ്യുന്നവർ, നമസ്കാരത്തിന്റെ കാതലായ "മുനാജാത്ത്" ചൈതന്യവത്താക്കിത്തീർക്കുന്നതിൽ ഉത്സാഹം കാണിക്കുന്നില്ല. "ഫാതിഹ ഓതാത്തവന് നമസ്കാരമില്ല" എന്ന് പ്രവാചകൻ പ്രസ്താവിച്ച, ഏറ്റവും പ്രധാനപ്പെട്ട ഫർദിനെ അക്ഷരങ്ങളിലൊതുക്കി നിർവഹിക്കുന്നു. സർവാധിനാഥനും വിചാരണാനാളിന്റെ ഉടമസ്ഥനും ഏകാവലംബവുമായ അല്ലാഹുവെ, ഭക്തിയും സ്നേഹവും ആദരവും ഒത്തിണങ്ങിയ നിറഞ്ഞ മനസ്സോടെ തന്റെ നിസ്സഹായാവസ്ഥയും താഴ്മയും വിനയവും ഒന്നിച്ച് കൂടി തേങ്ങുന്ന മനസ്സോടെ, തന്റെ ശാശ്വത വിജയത്തിനുള്ള ഏക മാർഗമായ സന്മാർഗത്തിന്റെ പാതയിലേക്ക് നയിച്ച് അതിലടിയുറപ്പിച്ച്, വഴി തെറ്റാതെ നയിച്ചാലും എന്ന ഉള്ളുരുകി നടത്തുന്ന ഈ പ്രാർഥന അതിന്റെ ചൈതന്യത്തോടെ നടത്താത്തവന്റെ നമസ്കാരത്തിന് എന്തർഥമാണുള്ളത്? ഈ സുപ്രധാന ഫർദ് മനസ്സാന്നിധ്യമില്ലാതെ നിർവഹിച്ച് നമസ്കാരത്തിൽനിന്ന് വിരമിച്ച ശേഷം മനസ്സാന്നിധ്യത്തോടെ പ്രാർഥന നടത്തുന്നവനോട് അല്ലാഹുവിന്റെ സമീപനം എന്താവുമെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. അതേസമയം ഫാതിഹയടക്കമുള്ള അല്ലാഹുവിന് പ്രിയങ്കരമായ ഫർദുകൾ പരമാവധി മനസ്സാന്നിധ്യത്തോടെ നിർവഹിച്ചാൽ, മറ്റു പ്രാർഥനകളും തസ്ബീഹുകളും അതിന് മുതൽക്കൂട്ടും അലങ്കാരവും ആകുമായിരുന്നു: നിർബന്ധമായും മറക്കേണ്ട ശരീര ഭാഗങ്ങൾ മറച്ചവന് മറ്റു വസ്ത്രങ്ങൾ അലങ്കാരമാകുന്ന പോലെ.

ഐഹിക നമസ്കാരങ്ങൾക്കും ഉംറ പോലുള്ള അനുഷ്ഠാനങ്ങൾക്കും അമിത പ്രാധാന്യം നൽകുന്നവർ സകാത്തിന്റെയും അഗതി-അനാഥ സംരക്ഷണത്തിന്റെയും കാര്യത്തിൽ കുറ്റകരമായ അനാസ്ഥ കാണിക്കുന്നത് നാം കാണുന്നുണ്ടല്ലോ. സ്വകുടുംബത്തെ പോലും വേണ്ടത്ര ശ്രദ്ധിക്കാതെ ഭക്തിപ്രചാരണത്തിന് മാസങ്ങളോളം വീടു വിട്ടു നിൽക്കുന്നവരുമുണ്ട്. ജനദൃഷ്ടിയിൽ ഇതൊക്കെ ഏറെ പ്രശംസനീയമായ ദീനീസേവനമായി വിലയിരുത്തപ്പെടുന്നുണ്ടാവാം. എന്നാൽ അല്ലാഹുവിന്റെ ദൃഷ്ടിയിലോ? സൂറഃ അൽ *മാഊൻ* (ഖുർആൻ അധ്യായം 107) ശ്രദ്ധിച്ച് വായിച്ചു നോക്കൂ: ''ദീനിനെ തള്ളിക്കളയുന്നവനെ നീ കണ്ടിട്ടുണ്ടോ? അനാഥയെ ആട്ടിയകറ്റുന്നവനും അഗതിക്ക് ആഹാരം കൊടുക്കാൻ പ്രേരിപ്പിക്കാത്തവനുമാണവൻ. അപ്പോൾ ആ നമസ്കാരക്കാർക്ക് നാശമാണുള്ളത്. അതേ, തങ്ങളുടെ നമസ്കാരത്തെക്കുറിച്ച് ശ്രദ്ധയില്ലാത്ത നമസ്കാരക്കാർക്ക്. അവർ ആളുകളെ കാണിക്കുകയാകുന്നു. നിസ്സാരമായ പരസ്പര സഹായങ്ങൾ വരെ അവർ തടയുന്നു.''

സാമ്പത്തിക, സാമൂഹിക ജനസേവനരംഗങ്ങളിൽ പ്രതിഫലിക്കാത്ത പ്രകടനാത്മക മതഭക്തി അല്ലാഹുവിന്റെ സ്നേഹവും സാമീപ്യവും നേടിത്തരാൻ പര്യാപ്തമല്ലെന്ന് മാത്രമല്ല, കാരുണ്യത്തിലും ജനക്ഷേമത്തിലും അധിഷ്ഠിതമായ അല്ലാഹുവിന്റെ ദീനിനെ വികൃതമാക്കി ആരാധനയിലൊതുക്കിയതിന്റെ ഭവിഷ്യത്തനുഭവിക്കാൻ കൂടി ഇടവരുത്തുമെന്ന് അല്ലാഹു ഇവിടെ വ്യക്തമാക്കുന്നു.

ചുരുക്കത്തിൽ, അല്ലാഹുവിന്റെ സ്നേഹവും സാമീപ്യവും ലഭിക്കണമെങ്കിൽ അല്ലാഹു നിർബന്ധമാക്കിയ എല്ലാ കർമങ്ങളും ശ്രദ്ധയോടും ചൈതന്യത്തോടും നിർവഹിക്കണം. അല്ലാഹുവോടും ജനങ്ങളോടും ദീനിനോടുമുള്ള കടമകളും ഉത്തരവാദിത്തങ്ങളും നിർവഹിക്കണം. തുടർന്ന് ഐഹിക കാര്യങ്ങളിൽ ശ്രദ്ധയൂന്നണം. അല്ലാഹുവിന്റെ പ്രീതിയാഗ്രഹിച്ചുകൊണ്ട് മാത്രം ജീവിതരംഗത്തുടനീളം ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളും അല്ലാഹുവോട് കൂടുതൽ അടുക്കാൻ സഹായകമായ പുണ്യകർമമായി മാറുന്നു."'നിന്റെ സഹോദരനോടുള്ള ഒരു പുഞ്ചിരി വരെ പുണ്യകർമമാണ്' (ഹദീസ്).

അല്ലാഹു അതിരറ്റ് സ്നേഹിക്കുന്ന ഈ അടിമക്ക് അല്ലാഹുവിന്റെ ദീനും പ്രിയങ്കരമായി മാറുന്നു. അവൻ ദീനിന്റെ വിജയത്തിനുള്ള കഠിനാധ്വാനത്തിലേർപ്പെടുന്നു. അല്ലാഹുവിന്റെ ഈ സ്നേഹ സാമീപ്യങ്ങൾക്ക് ചെറുപോറലേൽക്കുന്നതു പോലും ഈ അടിമക്ക് ഒരിക്കലും സഹിക്കാനാവുകയില്ല. അതിനാൽ അല്ലാഹു ഇഷ്ടപ്പെടാത്തത് കാണാൻ അവന്റെ കണ്ണിനാകില്ല; അവനിഷ്ടമല്ലാത്തത് കേൾക്കാൻ അവന്റെ ചെവിക്കാകില്ല; അല്ലാഹുവിന് ഇഷ്ടമില്ലാത്തേടത്തേക്ക് തന്റെ കൈ നീളുകയേ ഇല്ല; അല്ലാഹു ഇഷ്ടപ്പെടാത്തതിലേക്ക് ഒരടി വെക്കാൻ കാലിന് സാധിക്കില്ല. ഇതാണ് ഈ നബിവചനത്തിന്റെ പൊരുൾ. ●